**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6514** **20-03-2023 - ൽ മറുപടിയ്ക്ക്**

**പറമ്പികുളം, നെല്ലിയാമ്പതി മേഖലകളിൽ കുടിവെള്ളം എത്തിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ പറമ്പികുളം, നെല്ലിയാമ്പതി മേഖലകളിൽ കുടിവെള്ളം എത്തിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നെല്ലിയാമ്പതി, പറമ്പിക്കുളം മേഖലകളിൽ കുടിവെള്ളം എത്തിക്കാനായി ചെറുകിട കുടിവെള്ള പദ്ധതികളാണ് ജല അതോറിറ്റി വിഭാവനം ചെയ്തിരിക്കുന്നത്. ഈ രണ്ട് മേഖലകളിൽ ഭൂരിഭാഗം സ്ഥലങ്ങളും വനഭൂമിയായതിനാൽ വനം വകുപ്പിൻറെ അനുമതി ആവശ്യമായി വരികയും അനുമതിയ്ക്കായി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി പറമ്പിക്കുളം, നെല്ലിയാമ്പതി എന്നീ മേഖലകളിലേക്ക് കുടിവെള്ളം എത്തിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഇതിൽ പറമ്പിക്കുളം മേഖലയിൽ വനം വകുപ്പിന്റെ അനുമതി ലഭിച്ച് പ്രവൃത്തി ആരംഭഘട്ടത്തിലാണ്. നെല്ലിയാമ്പതി മേഖലയിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമില്ലാത്ത പ്രദേശങ്ങളിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വനം വകുപ്പിന്റെ അനുമതി വേണ്ട പ്രദേശങ്ങളിൽ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.<br><br>പ്രസ്തുത പ്രദേശങ്ങളിലേക്കുള്ള ജലസ്രോതസ്സുകളുടെ സാധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിലേക്കു അനുയോജ്യമായ രീതിയിൽ തുറന്ന കിണർ, തടയണ എന്നിവയെ ജലസ്രോതസ്സുകളായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിലേക്കുള്ള ജലസ്രോതസ്സുകളുടെ സാധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | നെല്ലിയാമ്പതി, പറമ്പിക്കുളം മേഖലകളിൽ കുടിവെള്ളം എത്തിക്കാനായി ചെറുകിട കുടിവെള്ള പദ്ധതികളാണ് ജല അതോറിറ്റി വിഭാവനം ചെയ്തിരിക്കുന്നത്. ഈ രണ്ട് മേഖലകളിൽ ഭൂരിഭാഗം സ്ഥലങ്ങളും വനഭൂമിയായതിനാൽ വനം വകുപ്പിൻറെ അനുമതി ആവശ്യമായി വരികയും അനുമതിയ്ക്കായി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി പറമ്പിക്കുളം, നെല്ലിയാമ്പതി എന്നീ മേഖലകളിലേക്ക് കുടിവെള്ളം എത്തിക്കുന്ന |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഇതിൽ പറമ്പിക്കുളം മേഖലയിൽ വനം വകുപ്പിന്റെ അനുമതി ലഭിച്ച് പ്രവൃത്തി ആരംഭഘട്ടത്തിലാണ്. നെല്ലിയാമ്പതി മേഖലയിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമില്ലാത്ത പ്രദേശങ്ങളിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വനം വകുപ്പിന്റെ അനുമതി വേണ്ട പ്രദേശങ്ങളിൽ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.<br><br>പ്രസ്തുത പ്രദേശങ്ങളിലേക്കുള്ള ജലസ്രോതസ്സുകളുടെ സാധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിലേക്കു അനുയോജ്യമായ രീതിയിൽ തുറന്ന കിണർ, തടയണ എന്നിവയെ ജലസ്രോതസ്സുകളായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ